# കേരള സർവകലാശാല

നം. പി.ആർ.051/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പി.ജി. അഡ്മിഷൻ

കേരള സർവകലാശാലയുടെ വിവിധ പഠന വകുപ്പുകളിലേക്ക് പി.ജി. അഡ്മിഷന് വേണ്ടിയുള്ള പ്രവേശനപരീക്ഷക്ക് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.admissions.keralauniversity.ac.in) ലഭിക്കും.

### ബി.ടെക് പരീക്ഷ

കേരള സർവകലാശാലയുടെ 2017 ഏപ്രിലിൽ നടക്കുന്ന നാലാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) സപ്ലിമെന്ററി പരീക്ഷക്ക് പിഴകൂടാതെ മാർച്ച് 17 (50 രൂപ പിഴയോടെ മാർച്ച് 20, 250 രൂപ പിഴയോടെ മാർച്ച് 22) വരെ ഫീസടച്ച് ഓൺലൈനായി അപേക്ഷിക്കാം. ട്രാൻസിറ്റ്/മേഴ്സി ചാൻസ് ആയി പരീക്ഷ എഴുതുന്നവർ സർവകലാശാലയിൽ നേരിട്ട് അപേക്ഷിക്കണം.

കേരള സർവകലാശാലയുടെ 2017 ഏപ്രിലിൽ നടക്കുന്ന ആറാം സെമസ്റ്റർ ബി.ടെക് (2013 സ്കീം) ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷക്ക് പിഴകൂടാതെ മാർച്ച് 17 (50 രൂപ പിഴയോടെ മാർച്ച് 20, 250 രൂപ പിഴയോടെ മാർച്ച് 22) വരെ ഫീസടച്ച് ഓൺലൈനായി അപേക്ഷിക്കാം. സെഷൻ ഇംപ്രൂവ്മെന്റ് ആയി പരീക്ഷ എഴുതുന്നവർ സർവകലാശാലയിൽ നേരിട്ട് അപേക്ഷിക്കണം. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും

### ഭാസസമാരോഹ: അന്തർദേശീയ സമ്മേളനം

കേരളീയനെന്ന് പൊതുവേ അംഗീകരിക്കപ്പെടുന്ന മഹാകവി ഭാസന്റെ സംഭാവനകളെ പുരസ്കരിച്ച് അന്തർദേശീയ സമ്മേളനം ഭാസസമാരോഹ: മാർച്ച് 30,31 തീയതികളിൽ കേരള സർവകലാശാല സെനറ്റ് ഹാളിലും സെനറ്റ് ചേംബറിലുമായി നടക്കും. ദേശവിദേശങ്ങളിൽ നിന്ന് പണ്ഡിത ശ്രേഷ്ഠന്മാർ പങ്കെടുക്കുന്ന ഈ അന്താരാഷ്ട്രസമ്മേളനത്തിൽ ഭാസന്റെ നാടകങ്ങളെ കുറിച്ചുള്ള പ്രബന്ധാവതരണം, നാടകാവതരണം, ചർച്ചകൾ എന്നിവയുണ്ടായിരിക്കും. പങ്കെടുക്കാനോ പ്രബന്ധങ്ങളവതരിപ്പിക്കാനോ താൽപര്യമുള്ളവർ കേരള സർവകലാശാലയുടെ വെബ്സൈറ്റിൽ (www.keralauniversity.ac.in) സന്ദർശിക്കുകയോ നേരിട്ട് ബന്ധപ്പെടുകയോ ചെയ്യുക.ഫോൺ 9446409948

### ത്രിദിന ദേശീയ കോൺഫറൻസ്

കേരള സർവകലാശാല കംപ്യൂട്ടർ സയൻസ് പഠനവകുപ്പിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 22,23,24 തീയതികളിൽ ഇമേജ് പ്രോസസിംഗ് ആന്റ് മെഷിൻ വിഷൻ എന്ന വിഷയത്തിൽ നടത്തുന്ന ത്രിദിന ദേശീയ കോൺഫറൻസിന് പ്രബന്ധങ്ങൾ ക്ഷണിക്കുന്നു.അവസാന തീയതി മാർച്ച് 13.

### അന്തർദേശീയ സെമിനാർ

കേരള സർവകലാശാല എക്കണോമിക്സ് പഠനവകുപ്പിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 14,15,16 തീയതികളിൽ 'ചേഞ്ചിംഗ് പാറ്റേൺസ് ഓഫ് ഫിസ്കൽ ആന്റ് മോണിറ്ററി പോളിസീസ് ഇൻ ഇന്ത്യ: ബൂൺ ഓർ ബെയ്ൻ ടു ഡവലപ്മെന്റ്' എന്ന വിഷയത്തിൽ സെനറ്റ് ചേംബറിൽ നടത്തുന്ന ത്രിദിന അന്തർദേശീയ സെമിനാർ പ്രൊഫ. പ്രഭാത് പട്നായിക് ഉദ്ഘാടനം ചെയ്യും.

## എം.എ/എം.എസ്സി മേഴ്സി ചാൻസ് പരീക്ഷ

കേരള സർവകലാശാലയുടെ കീഴിലുള്ള എം.എ/എം.എസ്സി (സെമസ്റ്റർ രീതി) കോഴ്സുകൾക്ക് സ്കീമോ പ്രവേശന വർഷമോ ഭേദമന്യേ മേഴ്സി ചാൻസ് പരീക്ഷകൾ നിബന്ധനകൾക്ക് വിധേയമായി അനുവദിച്ചു. അതിനായി വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷ സർവകലാശാല പരീക്ഷ കൺട്രോളർക്ക് മാർച്ച് 28-ന് മുമ്പായി സമർപ്പിക്കണം. ഇതോടൊപ്പം പരീക്ഷ ഫീസ് അടക്കേണ്ടതില്ല.ഒരു പരീക്ഷക്ക് കുറഞ്ഞത് മൂന്ന് .അപേക്ഷകൾ ലഭിക്കുന്ന പക്ഷം ആയതിലേക്ക് പരീക്ഷ നടത്തിപ്പിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

## എൽ.എൽ.ബി ഡിഗ്രി പരീക്ഷ

കേരള സർവകലാശാലയുടെ (ആന്വൽ സ്കീം) മേഴ്സി ചാൻസ് (1998-ന് മുമ്പുള്ളതും 1998 അഡ്മിഷനും) ഒന്നാം വർഷം(ത്രിവത്സരം), മൂന്നാം വർഷം(പഞ്ചവത്സര) എൽ.എൽ.ബി ഡിഗ്രി പരീക്ഷകൾ ഏപ്രിൽ മൂന്നിന് ആരംഭിക്കും. പരീക്ഷകേന്ദ്രം ഗവൺമെന്റ് ലാ കോളേജ് മാത്രമായിരിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ മ്യൂസിക് പ്രാക്ടിക്കൽ പരീക്ഷ

കേരള സർവകലാശാല നടത്തുന്ന മൂന്നാം സെമസ്റ്റർ ബി.എ മ്യൂസിക് പ്രാക്ടിക്കൽ പരീക്ഷ മാർച്ച് 13, 14 തീയതികളിൽ കൊല്ലം ശ്രീ നാരായണ വനിത കോളേജിലും മാർച്ച് 15, 16 തീയതികളിൽ തിരുവനന്തപുരം ഗവ.വിമൻസ് കോളേജിലും മാർച്ച് 15, 16 തീയതികളിൽ നീറമൺകര എൻ.എസ്.എസ് വനിത കോളേജിലും 9.30 മുതൽ 4.30 വരെ നടക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും

## ബി.കോം പ്രാക്ടിക്കൽ

കേരള സർവകലാശാല 2016 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ സി.ബി.എസ്.എസ് ബി.കോം പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ മാർച്ച് 13, 15, 17 തീയതികളിൽ അതാത് കോളേജുകളിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## കരിക്കുലം ഫെയർ

കേരള സർവകലാശാല മാർച്ച് 15, 16 തീയതികളിൽ സർവകലാശാല സെനറ്റ് ഹാളിൽ കരിക്കുലം ഫെയർ സംഘടിപ്പിക്കുന്നു. പ്രസ്തുത ഫെയറിൽ ഉന്നത വിദ്യാഭ്യാസ രംഗത്തെ അദ്ധ്യാപകർക്ക് പാഠ്യപദ്ധതിയിൽ ആവിഷ്കരിച്ചിട്ടുള്ള നൂതന ആശയങ്ങൾ പോസ്റ്റർ മാധ്യമത്തിൽ അവതരിപ്പിക്കാവുന്നതാണ്. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ (www.iqac.keralauniversity.ac.in) ലഭിക്കും. ഫോൺ: 9447043489.

## എൽ.എൽ.ബി. ത്രിവത്സര യൂണിറ്ററി പരീക്ഷ

കേരള സർവകലാശാല നടത്തുന്ന എൽ.എൽ.ബി. ത്രിവത്സര യൂണിറ്ററി പരീക്ഷകൾ മാർച്ച് 27 മുതൽ ആരംഭിക്കും. മാർച്ച് ഏഴ് മുതൽ ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. പരീക്ഷക്ക് പിഴകൂടാതെ മാർച്ച് 14 (50 രൂപ പിഴയോടെ മാർച്ച് 16, 250 രൂപ പിഴയോടെ മാർച്ച് 18) വരെ ഫീസടച്ച് അപേക്ഷിക്കാം.

## പി.എച്ച്.ഡി. പ്രവേശനപരീക്ഷ

പി.എച്ച്.ഡി. പ്രവേശനപരീക്ഷ ഏപ്രിൽ രണ്ടിന് രാവിലെ പത്ത് മണി മുതൽ ഒരു മണി വരെ തിരുവനന്തപുരം കോട്ടൺഹിൽ ഗവ.ഗേൾസ് ഹയർസെക്കണ്ടറി സ്കൂളിൽ നടക്കും.

തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ
08.03.2017

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**